## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.277 — 28.11.2018 ൽ മറുപടിക്ക്

### കുടുംബാരോഗ്യ കേന്ദ്രം

| ചോദ്യം<br>ശ്രീ.കെ. ആൻസലൻ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ പൊഴിയൂർ, കാരോട്, കുളത്തൂർ, ചെങ്കൽ എന്നീ സ്ഥലങ്ങളിൽ പ്രഖ്യാപിച്ച കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഓരോന്നിനും എത്ര ലക്ഷം രൂപയാണ് അനുവദിച്ചത് എന്ന് വ്യക്തമാക്കാമോ; | (എ) | 2018-19 കാലയളവിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് തിരുവനന്തപുരം ജില്ലയിൽ നിന്നും തിരെഞ്ഞെടുത്തിട്ടുള്ള പൊഴിയൂർ, കാരോട്, കുളത്തൂർ, ചെങ്കൽ എന്നീ ആരോഗ്യ സ്ഥാപനങ്ങളിൽ എൻ.എച്ച്.എം. വഴിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയും ഫണ്ട് ലഭ്യമായിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.<br>പൊഴിയൂർ : എൻ.എച്ച്.എം. വഴി 13.5 ലക്ഷത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.<br>കുളത്തൂർ : 22 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് എടുത്തതിൽ 15.5 ലക്ഷം രൂപ എൻ.എച്ച്.എം. വഴി ലഭ്യമായിട്ടുണ്ട്. ബാക്കി തുക പഞ്ചായത്ത് വഴി ലഭ്യമാക്കാൻ നടപടി സ്വീകരിച്ചു വരുന്നു.<br>കാരോട് : 15 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.<br>ചെങ്കൽ : എൻ.എച്ച്.എം. വഴി 15 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഈ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ പുതിയ ജീവനക്കാരെ നിയമിക്കുന്നതിനു നടപടി സ്വീകരിച്ചോ എന്ന് വ്യക്തമാക്കാമോ; | (ബി) | രണ്ടാം ഘട്ടത്തിൽ തിരഞ്ഞെടുത്ത കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ജീവനക്കാരുടെ അധിക തസ്തിക സൃഷ്ടിക്കുന്ന പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. |
| (സി) | പുതിയതായി നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ അനുവദിച്ച കുടുംബാരോഗ്യ കേന്ദ്രങ്ങൾ 2019 മാർച്ചിനു മുൻപ് പ്രവർത്തന സജ്ജമാക്കാൻ കഴിയുമോ എന്ന് വിശദീകരിക്കാമോ? | (സി) | തിരഞ്ഞെടുത്ത ആരോഗ്യ കേന്ദ്രങ്ങൾ എത്രയും വേഗം പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ